# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 3 തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ
മുഖ്യമന്ത്രി
ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

വ്യാജ പരസ്യങ്ങൾക്കെതിരെ നടപടി

*151 ശ്രീ. ചിറ്റയം ഗോപകുമാർ
,, സി. ദിവാകരൻ
,, കെ. രാജു
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില പ്രത്യേക ഗുണങ്ങൾ പരസ്യം ചെയ്ത് സംസ്ഥാനത്ത് വിറ്റഴിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച്, പരസ്യം ചെയ്ത ഗുണമുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വികിരണ രശ്മികളിലൂടെ രോഗശാന്തി അവകാശപ്പെട്ട് ഒരു കമ്പനി വിതരണം ചെയ്ത ഉല്പന്നങ്ങൾ, ഫോറൻസിക് ലാബ് പരിശോധന കൂടാതെ മടക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) വ്യാജ പരസ്യങ്ങൾ നൽകി ഉപഭോക്താക്കളെ വഞ്ചിക്കുന്ന നടപടികൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഭവനനിർമ്മാണ ബോർഡ് വായ്പാ കുടിശ്ശിക എഴുതിത്തള്ളൽ

*152

ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി നടപ്പിലാക്കിയിരുന്ന മൈത്രി ഭവന നിർമ്മാണ പദ്ധതിയിലെ കുടിശ്ശിക എഴുതിത്തള്ളുവാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയായോ;

(സി) ഇല്ലെങ്കിൽ ഈ നടപടി പൂർത്തിയാക്കി വായ്പയെടുത്തവരുടെ പ്രമാണങ്ങൾ തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിനുള്ള കേന്ദ്ര ഭക്ഷ്യ-ധാന്യ വിഹിതം</u>

*153 ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. കെ.കെ. ജയചന്ദ്രന്‍
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഓരോ മാസവും കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച അരിയും ഗോതമ്പും എത്ര ടണ്‍ വീതമാണ്; ഇതില്‍ എത്ര ടണ്‍ വീതം ഏറ്റെടുത്ത് വിതരണം ചെയ്യുകയുണ്ടായി;

(ബി) ഏതെല്ലാം സ്കീമില്‍ ഏതെല്ലാം നിരക്കിലാണ് അരിയും ഗോതമ്പും അനുവദിച്ചതെന്നും കേന്ദ്രം നല്‍കുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതെങ്ങനെയെന്നും വ്യക്തമാക്കാമോ;

(സി) അരിയുടെയും ഗോതമ്പിന്റെയും യഥാര്‍ത്ഥ ആവശ്യം പ്രതിമാസം എത്ര ടണ്ണാണ് എന്നും എന്ത് വിലയ്ക്കാണ് സമാഹരിക്കുന്നതെന്നും എന്ത് വിലയ്ക്ക് ഏതെല്ലാം ഏജന്‍സികള്‍ വഴി വില്പന നടത്തിവരുന്നുണ്ടെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഭവന നിർമ്മാണ ബോർഡിന്റെ പുതിയ പദ്ധതികൾ

*154 ശ്രീ. പി.കെ. ഗുരുദാസൻ
'' ബി. സത്യൻ
'' വി. ചെന്താമരാക്ഷൻ
'' എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് പുതിയ ഭവനനിർമ്മാണ പദ്ധതിയ്ക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഭവന നിർമ്മാണ ബോർഡ് മുഖേന ഇപ്പോൾ നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ എന്തെല്ലാമാണ് ; അവ ഓരോന്നിന്റെയും പുരോഗതി വിശദമാക്കുമോ ;

(സി) ബോർഡിന്റെ കൈവശം പദ്ധതികൾക്കായി ഏതെല്ലാം സ്ഥലത്ത് എത്ര ഏക്കർ വീതം ഭൂമിയുണ്ട് ; പരിഗണനയിലിരിക്കുന്ന ബോർഡിന്റെ പദ്ധതികൾ ഏതൊക്കെ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

പി. എസ്. സി. പരീക്ഷകളിൽ ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ച നടപടി

*155 ശ്രീ. പാലോട് രവി
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. പരീക്ഷകളിൽ ആധുനിക സാങ്കേതിക വിദ്യ ദുരുപയോഗം ചെയ്ത് ക്രമക്കേടുകൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത എത്ര കേസുകളാണ് നിലവിലുളളത്;

(സി) പ്രസ്തുത കേസുകളുടെ നിലവിലുളള സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പി. എസ്. സി. പരീക്ഷകളിൽ ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ</u>

*156 ശ്രീ. പി.കെ. ബഷീർ
,, പി.ബി. അബ്ദുൾ റസാക്
,, കെ.എൻ.എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാനനദീജലപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഇതിനായി ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന ഓഫീസുകളെയും അതിൽ പ്രവർത്തിക്കുന്ന സാങ്കേതിക നിയമവിദഗ്ദ്ധരെയും സംബന്ധിച്ച വിശദ വിവരങ്ങൾ നല്കാമോ;

(സി) അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനം ഏർപ്പെടുത്തിയിട്ടുളള സംവിധാനം പലപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ ന്യൂഡൽഹിയിലെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം മൊത്തം എന്തുതുക ചെലവുവരുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തൽ</u>

*157 ശ്രീ. മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പൊതുകമ്പോളങ്ങളിലെ നിലവാരം നിയന്ത്രണ വിധേയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എ.പി.എൽ. വിഭാഗങ്ങൾക്ക് നൽകിയിരുന്ന മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓപ്പൺ മാർക്കറ്റിൽ നിന്ന് മണ്ണെണ്ണ സംഭരിച്ച് അർഹമായ വിഹിതം നൽകുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി</u>

*158 ശ്രീ. പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി എത്ര സ്റ്റേഷനുകളിൽ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പാക്കിയ സ്റ്റേഷനുകളുടെ പരിധിയ്ക്കുള്ളിൽ കുറ്റകൃത്യങ്ങൾക്ക് കുറവ് വന്നിട്ടുണ്ടോ ;

(സി) കമ്മ്യൂണിറ്റി പോലീസിംഗ് സംബന്ധിച്ച അന്താരാഷ്ട്ര സെമിനാറിൽ കേരളത്തിലെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടന്നിട്ടുണ്ടോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

പോലീസ് സേനയിലെ ക്രിമിനല്‍ സ്വഭാവം

*159 ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് ഉദ്യോഗസ്ഥര്‍ പ്രതികളാകുന്ന കേസുകളുടെ എണ്ണം സംസ്ഥാനത്ത് വര്‍ദ്ധിച്ചു വരുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) പോലീസ് സേനയിലെ ക്രിമിനല്‍വല്‍ക്കരണം ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം ചെയ്യാന്‍ ഉദ്ദേശിക്കുന്നു;

(സി) ഇത്തരം ക്രിമിനല്‍ വാസന തുടക്കത്തില്‍ തന്നെ ഇല്ലാതാക്കുന്നതിന് കര്‍ശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഐസ്ക്രീമിന്റെ ഗുണനിലവാരം</u>

*160 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് സിന്തറ്റിക് ഐസ്ക്രീം ഉൽപ്പാദിപ്പിച്ചു വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടതായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉത്സവ സീസണുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന ഐസ്ക്രീമിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉളളതെന്ന് വ്യക്തമാക്കാമോ:

(സി) റസ്റ്റോറന്റുകളിലും ബേക്കറികളിലും വിൽക്കുന്ന ഐസ്ക്രീം സമയക്രമമനുസരിച്ച് പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ</u>

*161 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ സംവിധാനം</u>

*162 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിൽ എന്തു സംവിധാനമാണുളളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിലുളള സംവിധാനത്തിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) കേരളത്തിലെ മുഴുവൻ ജയിലുകളിലുമുളള തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഊർജ്ജിതപ്പെടുത്താനും ഉതകുന്നതരത്തിൽ സത്വരനടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പോലീസിൽ സി. ബി.ഐ മാതൃകയിൽ വിദഗ്ദ്ധ വിഭാഗം</u>

*163 ശ്രീ. വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിൽ പ്രത്യേക അന്വേഷണത്തിന് സി. ബി. ഐ. മാതൃകയിൽ വിദഗ്ദ്ധ വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കോടതി നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(സി) വിദഗ്ദ്ധ വിഭാഗത്തിന്റെ ഘടനയെയും ലക്ഷ്യങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പൊതുവിപണിയിൽ നിന്നുള്ള വായ്പ</u>

*164 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ. കെ. ബാലൻ

പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊതുവിപണിയിൽ നിന്ന് വായ്പ എടുക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ വർഷം എന്തു തുകയാണ് വായ്പയായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം വായ്പയായി എടുത്ത തുക എത്രയാണ്;

(സി) ട്രഷറിയിലെ നിക്ഷേപം വഴി മൊത്തം എന്തുതുക സമാഹരിച്ചിട്ടുണ്ട്; ഈ വർഷത്തെ ട്രഷറി നിക്ഷേപ ലക്ഷ്യം വിശദമാക്കുമോ;

(ഡി) ഏതെല്ലാം പദ്ധതികൾക്ക് ഏതെല്ലാം ഏജൻസികളിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) ലോകബാങ്കിൽ നിന്നുള്ള വായ്പ ഏതെല്ലാം പദ്ധതികൾക്കാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>പെട്രോൾ - ഡീസൽ വില വർദ്ധന</u>

*165 ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എ.കെ. ബാലൻ
,, കെ.. വി. അബ്ദുൾ ഖാദർ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ, പാചകവാതകം, മണ്ണെണ്ണ എന്നിവയുടെ വിലവർദ്ധന നിത്യോപയോഗ സാധനങ്ങളുടെ വിലയെ എങ്ങനെയെല്ലാമാണ് ബാധിക്കുക എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) കേന്ദ്രസർക്കാർ വിലനിയന്ത്രണം എടുത്തുകളഞ്ഞതിനുശേഷം പെട്രോൾ, ഡീസൽ വിലയിൽ എത്ര തവണ എത്ര രൂപ വീതം വർദ്ധിക്കുകയുണ്ടായെന്ന് ; വിശദമാക്കാമോ ;

(സി) ദുസ്സഹമായ വിലക്കയറ്റത്തിനിടയിൽ വീണ്ടും പെട്രോളിന്റെ വിലവർദ്ധിപ്പിച്ച സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിൽ നിന്നും ഉപഭോക്തക്കൾക്ക് ആശ്വാസം നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

സെക്രട്ടേറിയറ്റിലെ വിവധ വകുപ്പുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് നടപടി

*166 ഡോ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ തമ്മിലുള്ള വിവര വിനിമയം പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) വിവിധ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ലഘൂകരിക്കുകയും സുതാര്യമാക്കുകയും ചെയ്യുന്ന സംവിധാനം നടപ്പാക്കുവാൻ കഴിയുമോ;

(ഡി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതിനായി വിഭാവനം ചെയ്യുന്നത്.?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>പൊതുസ്ഥലത്ത് സംഘടിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയ നടപടി</u>

*167 ശ്രീ. റ്റി. വി. രാജേഷ്
,, കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമാധാനപരമായി സംഘടിക്കാനും പ്രതിഷേധം രേഖപ്പെടുത്താനും ജനങ്ങൾക്ക് അവകാശമുള്ളതായി സർക്കാർ കരുതുന്നുണ്ടോ;

(ബി) ഇത് പൊതുസ്ഥലത്ത് നടത്തുന്നതിനോടുള്ള നിലപാട് വ്യക്തമാക്കാമോ;

(സി) പാതയോരങ്ങളിൽ താൽക്കാലികമായി സമരപ്പന്തൽ കെട്ടുന്നതിനെതിരായി ഹൈക്കോടതി നിരോധനം ഏർപ്പെടുത്തിയ കേസിൽ സർക്കാരിന്റെ നിലപാട് എന്തായിരുന്നു;

(ഡി) കോടതി വിധിയ്ക്കെതിരെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ;

(ഇ) സംഘടിക്കലും പ്രതിഷേധം അറിയിക്കലും ഏതെല്ലാം സ്ഥലങ്ങളിൽ നടത്താമെന്നും ഏതെല്ലാം സ്ഥലങ്ങളിൽ നടത്തികൂട എന്നും സർക്കാർ നിർണ്ണിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ഒരു രൂപാ നിരക്കിൽ അരിവിതരണം</u>

*168 ശ്രീ. കെ. ദാസൻ
,, എം. ചന്ദ്രൻ
,, സി. കൃഷ്ണൻ
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലെടുക്കുന്ന കുടുംബങ്ങളെല്ലാം വിലക്കയറ്റത്തിന്റെ ദുരിതം പേറുന്നവരാണെന്ന് അറിയാമോ;

(ബി) തൊഴിലെടുക്കുന്ന എല്ലാ കുടുംബങ്ങളേയും ഒരു രൂപാ നിരക്കിൽ 25 കിലോ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്താമോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ നടപടി</u>

*169 ശ്രീ. പുരുഷൻ കടലുണ്ടി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നവർ വഞ്ചിക്കപ്പെടാതിരിക്കാൻ പ്രത്യേക നിയമം കൊണ്ടുവരാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) നിലവിലുള്ള നിയമങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ;

(സി) സാമ്പത്തിക ഇടപാടുകളിലെ തട്ടിപ്പുകൾക്കും വഞ്ചനകൾക്കും എതിരെ ഏതെല്ലാം നിയമങ്ങൾക്കനുസൃതമായിട്ടാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നത് ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ലഹരിവിരുദ്ധ ക്ലബ്ബുകൾ</u>

*170 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ശക്തമായ പ്രചാരണം നടത്തുവാൻ എക്സൈസ് വകുപ്പ് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ലഹരിവിരുദ്ധ ക്ലബ്ബുകളെ ഇതിനായി ഫലപ്രദമായി വിനിയോഗിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ തീയറ്ററുകളിലും കലാലയങ്ങളിലും സ്ക്കൂളുകളിലും ദൃശ്യമാധ്യമങ്ങളിലും ഇതിനായി ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി

*171 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ഈ വിഭാഗത്തിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉടൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇതു നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) അഗ്നിശമന സേനാംഗങ്ങൾക്ക് ശാസ്ത്രീയ പരിശീലനം നൽകാൻ അക്കാഡമി ആരംഭിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മദ്യ നിരോധനം</u>

*172 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യ നിരോധനം ഘട്ടം - ഘട്ടമായി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ബാർ ലൈസൻസ് റദ്ദാക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ</u>

*173 ശ്രീ. ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ടെർമിനലിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിലവിലുളള കബോട്ടാഷ് നിയമം ദേഭഗതിചെയ്യണമെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലാസ്സുകൾ</u>

*174 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലാസ്സുകൾ രൂപവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ക്ലാസ്സുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ക്ലാസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചുവോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ ക്ലാസ്സുകളുടെ രൂപവത്ക്കരണത്തിന്റെ ചുമതല ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി

*175 ശ്രീ. ഹൈബി ഈഡൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു മൂലം റോഡിൽ കൂടിയുളള ചരക്കു ഗതാഗതം എത്ര ശതമാനമാണ് കുറയാൻ സാദ്ധ്യതയുളളത്; വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളാണ് ഇതിനുവേണ്ടി സജ്ജമാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതുമൂലം എത്രപേർക്ക് തൊഴിൽ നൽകാനാവും എന്നാണ് ഗവൺമെന്റ് കരുതുന്നത്?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി പോലീസിംഗ് സജീവവും വ്യാപകവും ആക്കുന്നതിന് നടപടി</u>

*176 ശ്രീ. എം. ഹംസ
,, കെ. രാധാകൃഷ്ണൻ
,, ജെയിംസ് മാത്യു
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ പരിഷ്കരിച്ച പോലീസ് ആക്ടിന്റെ ഭാഗമായി ഇപ്പോൾ തുടർനടപടികൾ നടക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; അവശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണ് ;

(ബി) കമ്മ്യൂണിറ്റി പോലീസിംഗ് ഇപ്പോൾ നിർജ്ജീവമായിരിക്കുന്നത് എന്തുകൊണ്ടാണ് ;

(സി) ഇത് സജീവവും വ്യാപകവുമാക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശമുണ്ടോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പ്രകൃതി വാതക ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ</u>

*177 ശ്രീ. ജി. എസ്. ജയലാൽ
,, സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജി മോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി വാതക ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് എന്നാണ് ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ആദ്യഘട്ടമെന്ന നിലയിൽ എത്ര കോടി രൂപ എന്തെല്ലാം പദ്ധതികൾക്കായിട്ടാണ് നീക്കിവച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്ന പ്രകൃതി വാതകം എന്തെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

കെ. പി. എസ്. സി. യിലെ ഓൺലൈൻ അപേക്ഷാ രീതി വിപുല പ്പെടുത്താൻ നടപടി

*178 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. പി. എസ്. സി. യിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥി കൾക്ക് സ്ഥിരം രജിസ്റ്റർ നമ്പറും പാസ്‌വേഡും നൽകുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഒരു തവണ രജിസ്റ്റർ ചെയ്യുന്ന ഉദ്യോ ഗാർത്ഥികളെ അവരുടെ വിദ്യാഭ്യാസയോഗ്യതയനുസ രിച്ച് എല്ലാ തസ്തികകളിലേക്കും പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) രജിസ്റ്റർ ചെയ്തതിനുശേഷം ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്ന അധിക വിദ്യാഭ്യാസയോഗ്യത നേരത്തേ തയ്യാറാക്കിയിരിക്കുന്ന അവരുടെ പ്രൊഫൈലിൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) ഓരോ തസ്തികയ്ക്കുമുള്ള സർട്ടിഫിക്കറ്റ് വേരിഫി ക്കേഷനു പകരം ഒറ്റത്തവണ സർട്ടിഫിക്കറ്റ് വേരിഫി ക്കേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ യെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കോടതികളിലെ അടിസ്ഥാന സൗകര്യവികസനം</u>

*179 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇവയുടെ വികസനത്തിന് എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) സംസ്ഥാനത്തെ കോടതികളിൽ വക്കീൽ, ഗുമസ്ഥൻമാർ എന്നിവർക്കുള്ള ജോലിസ്ഥലവും കക്ഷികൾക്ക് പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുമോ;

(ഡി) എങ്കിൽ എത്ര കോടതികളിലാണ് ഈ സൗകര്യങ്ങൾ ഉടൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഇതിനുള്ള തുക എവിടെ നിന്നാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>അനധികൃത മദ്യവിൽപന</u>

*180 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്ന വിലകുറഞ്ഞ മദ്യം വിലകൂടിയ ബ്രാൻഡുകളുടെ സ്റ്റിക്കറുകൾ പതിച്ച് വർദ്ധിച്ച വിലയ്ക്ക് സംസ്ഥാനത്ത് വിൽക്കാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസ്റ്റ് ബസ്സുകളും ട്രെയിനുകളും പലപ്പോഴും ഇതിനായി ഉപയോഗപ്പെടുത്തുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം മദ്യത്തിന്റെ ഉപയോഗം മാരകമായ പകർച്ച വ്യാധികൾക്ക് കാരണമാകുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(ഡി) ഇത്തരം അനധികൃത മദ്യത്തിന്റെ വിൽപനയും ഉപയോഗവും തടയാൻ സർക്കാർ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭാവിയിൽ എന്തൊക്കെ നടപടി സ്വീകരിക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?